**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4636** **10-08-2021 - ൽ മറുപടിയ്ക്ക്**

**മാനന്തവാടി ഡിപ്പോയിൽ ഇന്ധനപ്പമ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | **Shri Antony Raju**<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | മാനന്തവാടി കെ.എസ്.ആർ.ടി.സി. ഡിപ്പോ സ്ഥിതിചെയ്യുന്ന സ്ഥലത്തുതന്നെ ഇന്ധനപ്പമ്പ് സ്ഥാപിക്കുന്നതിന് നിലവിലെ ബുദ്ധിമുട്ട് എന്താണെന്ന് അറിയിക്കാമോ; | (എ) | മാനന്തവാടി ഡിപ്പോയിൽ നിലവിൽ പഴയ ഗ്യാരേജ് സ്ഥിതിചെയ്യുന്ന സ്ഥലത്താണ് പമ്പ് സ്ഥാപിച്ചിട്ടുള്ളത്. പുതിയ ഡിപ്പോ പരിസരം മഴക്കാലത്ത് വെള്ളം കയറുന്ന സ്ഥലമായതു കൊണ്ട് അവിടെ പമ്പ് സ്ഥാപിക്കുവാൻ ബുദ്ധിമുട്ടാണ്. എന്നാൽ കെ.എസ്.ആർ.ടി.സി-യിൽ പുതിയ റീട്ടെയിൽ ഫ്യുവൽ ഔട്ട്‌ലെറ്റുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി നിലവിൽ ഡിപ്പോ പ്രവർത്തിക്കുന്ന സ്ഥലത്ത് വെള്ളക്കെട്ട് ഉണ്ടാകുന്നതിന് പരിഹാരമാർഗ്ഗം ഉണ്ടായാൽ മാത്രമെ പമ്പ് സ്ഥാപിക്കുന്നത് പരിഗണിക്കാൻ കഴിയുകയുള്ളു. |
| (ബി) | ഡീസൽ നിറയ്ക്കുന്നതിനായി മാത്രം ബസുകൾ മറ്റൊരു സ്ഥലത്തേയ്ക്ക് ഓടുന്നത് വകുപ്പിന് നഷ്ടം വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഓരോദിവസവും ബസുകൾ സർവ്വീസ് പൂർത്തിയാക്കിയതിനുശേഷം പ്രതിവാര, പ്രതിദിന മെയിന്റനൻസ് പരിശോധനയ്ക്കായി ഗ്യാരേജിൽ എത്തി ഡീസൽ നിറയ്ക്കുകയും അവിടെ പാർക്ക് ചെയ്യുകയുമാണ് ചെയ്യുന്നത്. ആയതിനാൽ ഡീസൽ നിറയ്ക്കുന്നതിന് മാത്രമായി നഷ്ടം ഉണ്ടാകുന്നില്ല. |
| (സി) | വരുമാനം വർദ്ധിപ്പിക്കുന്നതിനായി മാനന്തവാടിയിലെ പഴയ കെ.എസ്.ആർ.ടി.സി. ഡിപ്പോയുണ്ടായിരുന്ന സ്ഥലത്ത് ഏതെങ്കിലും പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ? | (സി) | നിലവിൽ പദ്ധതികളൊന്നും പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ